കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുത്തേമ്പതി പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. പികെഡി11-1237/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ
ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി 10.10.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ. പികെഡി11-1237/2019 തിയതി:10.10.2019.

# പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 7.10.2018 മുതൽ 18.8.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : എൻ.സതീശൻ
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.8.2019 മുതൽ 31.8.2019 വരെ

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.യു.പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. എസ്.ഷഹീർ | ഓഡിറ്റർ |
| | | ശ്രീമതി. ലിക്സി അലക്സ് (19.8.19,24.8.19 -29.8.19വരെ) | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പൊന്നുരാജ് @ എ.രാജൻ | 1.4.18മുതൽ 31.3.19വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ.ജയകുമാർ | 1.4.18മുതൽ 31.3.19വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീദേവി | 1.4.18മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ | 1.4.18 മുതൽ 3.9.18വരെ |
| | ശ്രീ.സേതു.എസ്. | 4.9.18മുതൽ 8.11.18വരെ |
| | ശ്രീമതി.ഷിപി.എസ്. | 9.11.18മുതൽ 31.3.19 വരെ |
| പ്രധാനാദ്ധ്യാപകൻ, | ശ്രീ.ശെൽവകുമാർ.എസ്. | 1.4.18മുതൽ 26.4.18വരെ |
| | ശ്രീമതി.എസ്.എം.ഫാത്തിമാബീവി | 27.4.18 മുതൽ 13.6.18 വരെ |
| | ശ്രീമതി.ജയലക്ഷ്മി | 14.6.18മുതൽ 18.9.18 വരെ |
| | ശ്രീമതി.പി.ലീല | 19.9.18മുതൽ 31.3.19 വരെ |
| വി.ഇ.ഒ. | ശ്രീ.പി.കൃഷ്ണദാസ് | 1.4.18 മുതൽ 31.3.19വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സൗദാമിനി.ആർ | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആതിര.പി. | 1.4.18 മുതൽ 15.1.19വരെ |
| | ഡോ.സുനിത അലക്സ് | 16.1.19മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വിനയകുമാർ.പി. | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ബർദീഷ കെ.പി. | 1.4.18 മുതൽ 24.5.18FN വരെ |
| | ഡോ.പ്രവീൺ.എൻ.വി. | 24.5.18ANമുതൽ 18.7.18FN വരെ |
| | ഡോ.സീമ.എൻ.ചന്ദ്രൻ | 18.7.18ANമുതൽ 17.10.18FN വരെ |
| | ഡോ.ബിഷ്ണ.എസ്.പ്രസാദ് | 17.10.18ANമുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.ബി.രാജൻ | 1.4.18മുതൽ 31.3.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.വി.ധർമ്മൻ | 1.4.18മുതൽ 31.3.19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ അഭിനന്ദനാർഹം | 1-9 |
| 10 | റേഷൻ കടകളുടെ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ് | 1-10 |
| 11 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 12 | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 13 | എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കൽ - വാങ്ങൽ നടപടികൾ പാലിക്കുന്നതിനും, വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ് | 1-13 |
| 14 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന്റെ അധിക ബാദ്ധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങൾ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധം | 1-15 |
| 16 | എസ്.ടി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഊരുകൂട്ടങ്ങൾ മുഖേന നിർവ്വഹിക്കുകയോ, ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. | 1-16 |
| 17 | ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ - ഒറ്റ ടെണ്ടർ പരസ്യം നൽകേണ്ടതാണ് | 1-17 |
| 18 | ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം/ ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-18 |
| 19 | ആശ്രയ പദ്ധതി നടത്തിപ്പ് - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് കാര്യക്ഷമമാക്കേണ്ടതാണ് | 1-19 |
| 20 | ഔഷധിയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-21 |
| 22 | ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-22 |
| 23 | കെ.എം.എസ്.സി.എലിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-23 |
| 24 | ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതിയിലെ ഗുണഭോക്താകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-24 |
| 25 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകകളിൽ ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-25 |
| 26 | സഞ്ജയ് നഗർ കുടിവെള്ള പദ്ധതി - ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ് | 1-26 |
| 27 | ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർഫോം ഇനത്തിൽ ലഭിക്കേണ്ട തുകകൾ ലഭ്യമായിട്ടില്ല | 1-27 |
| 28 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-28 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | | |

| | ഭാഗം 4 | |
|---|---|---|
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ്സാക്ഷ്യപത്രം | 1 |
| 2 | പത്രികകൾ1 | 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.3.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 14.5.2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6806990 |
| വരവ് | 79889590 |
| ആകെ | 86696580 |
| ചെലവ് | 75631779 |
| നീക്കിയിരിപ്പ് | 11064801 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 21828000 | 21828000 | 20808944 | 1019056 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 6444000 | 6444000 | 6368779 | 75221 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 700000 | 700000 | 692943 | 7057 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 5053000 | 5053000 | 5015287 | 37713 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4573000 | 4573000 | 4195134 | 377866 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 8906000 | 8906000 | 8092390 | 813610 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 0 | 0 | 0 | 0 |
| സാക്ഷരത | | | - | - | - | - |
| ദുരിതാശ്വാസനിധി | | | - | - | - | - |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 1983 | 26602121 | 28181134 | 26602121 | 292890 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1577030 | | 1286123 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS | 1720381 | 428500 | 2148881 | 0 | 2148881 |
| | ODF | 5880630 | 0 | 5880630 | 4101845 | 1778785 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - TSC | | 42542 | 1921217 | 1963759 | 160000 | 1803759 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 303544 | 3257143 | 3560687 | 3448206 | 112481 |
| | ജില്ലാ പഞ്ചായത്ത് | 0 | 5793120 | 5793120 | 5215475 | 577645 |
| ബി ഫണ്ട് | | 0 | 287160 | 287160 | 287160 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7925971 | 7925971 | 6202941 | 1723030 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 242408 | 4971031 | 5213439 | 4689283 | 524156 |

| | | | | | | |
|---|---|---|---|---|---|---|
| | കനറാ ബാങ്ക് & SBT ചിറ്റൂർ | | | | | |
| | ട്രഷറി അക്കൗണ്ട് | 1899177 | 3081017 | 1181840 | 1102140 | 79700 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 209979135 | 92 | 60043727 | --- | 41 | 69 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17160 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2352100 | 174 |
| വിധവാപെൻഷൻ | 13579500 | 1136 |
| വാർദ്ധക്യകാലപെൻഷൻ | 22184600 | 1773 |
| വികലാംഗപെൻഷൻ | 1904500 | 170 |
| അവിവാഹിത പെൻഷൻ | 289200 | 24 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.2828/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/2019, 7/2019 | 12.8.19-13.8.19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.2011 | 2006-07 - 2010-11 | 1.7.2011 |

# 1-9 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ

# സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ അഭിനന്ദനാർഹം

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ച് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളിലെ പൗരന്മാർക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കേണ്ടതാണെന്ന് സ.ഉ (എം.എസ്) നം - 18/15/ത.സ്വ.ഭ.വ /29.01.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തൻവർഷം താഴെ പറയുന്ന പദ്ധതികൾക്ക് തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 75/19 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 110000 |
| 2 | 87/19 | റെക്കോർഡ് റൂം തയ്യാറാക്കൽ | 300000 |
| 3 | 148/19 | പുതിയ കെട്ടിടത്തിലെ മീറ്റിങ്ങ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ | 402000 |
| 4 | 152/19 | ടി -കസേരകൾ വാങ്ങൽ | 100000 |
| 5 | 142/19 | പഞ്ചായത്ത് ഓഫീസിലെ വനിതാ ജാഗ്രതാ സമിതി ഓഫീസിൽ ഫീഡിങ്ങ് റൂം | 300000 |
| 6 | 76/19 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും | 78500 |
| 7 | 13/19 | അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 200000 |
| 8 | 56/19 | വണ്ണാമട പി.എച്ച്.സിയിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ,പ്രിന്റർ കം സ്കാനർ വാങ്ങൽ | 25000 |

30.08.19 ന് പഞ്ചായത്തിന് എെ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂന്നി ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി എെ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയത് അഭിനന്ദനാർഹമാണ്.







# 1-10 റേഷൻ കടകളുടെ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (**നിലവിൽ 1996 ലെ** കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം ആവശ്യമാണ്. എന്നാൽ റേഷൻ കടകൾക്ക് ഒന്നിനും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി, ലൈസൻസ് ഇല്ലാത്ത റേഷൻ കട ഉടമകൾക്ക് കത്ത് അയച്ചിട്ടുണ്ടെന്നും, ഈ സാമ്പത്തികവർഷം മുതൽ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204(11) (ബി) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാർ ആരുംതന്നെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി. അയ്യാസ്വാമി
2. പി.രവീന്ദ്രൻ
3. പഴനിസ്വാമി
4. സയദ് മുഹമ്മദ്
5. ആർ.ഷംസുദ്ദീൻ
6. ലിയാക്കത്ത് അലി
7. കെ.സജീവൻ
8. വി.ശിവകുമാർ
9. ബി.സുനിൽകുമാർ
10. ദീപ.കെ
11. എം.ബാബു
12. എ.ലാസർ
13. മുഹമ്മദ് ഇബ്രാഹിം
14. സി.മനോഹരൻ
15. എൻ.രാജേന്ദ്രൻ
16. വി.പ്രകാശൻ
17. കെ.സുരേഷ്
18. കെ.ആർ. ബാലസുബ്രമണ്യൻ

പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

I. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുകയോ, കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. തനത് ഫണ്ടിന്റെ പരിമിതി മൂലം വൈദ്യുതി ചാർജ്ജ് പ്രതിമാസം കൃത്യമായി അടവാക്കുന്നില്ല. സാമ്പത്തിക വർഷം 451281/- രൂപ മെയ് ന്റനൻസ് റോഡിതര ഗ്രാന്റിൽ നിന്ന് വകയിരുത്തി കുടിശ്ശിക അടവാക്കിയിട്ടുണ്ട്.

നിലവിൽ വൈദ്യുതി ചാർജ്ജിനത്തിലെ പ്രതിമാസ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ താഴെ പറയും പ്രകാരമാണ്.

| ഇലക്ട്രിക്കൽ സെക്ഷൻ | പ്രതിമാസ ഡിമാന്റ് | കുടിശ്ശിക ഡിമാന്റ് |
|---|---|---|
| കെ.എസ്.ഇ.ബി, കൊഴിഞ്ഞാമ്പാറ | 26577 | 246846 |
| കെ.എസ്.ഇ.ബി, വേലന്താവളം | 33634 | 209022 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം അടവാക്കുന്ന വൈദ്യുതി ചാർജ്ജ്, തെരുവ് വിളക്കുകളുടെ റിപ്പയർ ചാർജ്ജ് എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2. കൂടിയ നിരക്കുള്ള ട്യൂബ്, ഓർഡിനറി ബൾബുകൾ എന്നിവ ഒഴിവാക്കി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കാവുന്നതും, സോഡിയം വേപ്പർ ലാമ്പുകൾ ആവശ്യമുള്ളിടത്ത് മാത്രം നിലനിർത്തുകയും ചെയ്യാവുന്നതാണ്.

3. മീറ്ററിങ്ങ് സമ്പ്രദായം നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

4. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ (ഊർജ്ജം) പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

II തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ

2. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ

3. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്

തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും , രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേട്ടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നടത്തേണ്ടതാണ്. വാർഷിക അറ്റകുറ്റപണിയുടെ ചെലവ് തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനുസൃതമാകേണ്ടതാണ്.

# 1-13 എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കൽ - വാങ്ങൽ നടപടികൾ പാലിക്കുന്നതിനും, വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണം - സെക്രട്ടറി

സാമ്പത്തിക വർഷം എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം | അടങ്കൽ | ചെലവ് | ബിൽ നം/തീയതി |
|---|---|---|---|
| 80/18 - ജനറൽ | 400000 | 389893 | 41/13.02.19 |
| 70/18 – എസ്.സി.പി | 200000 | 197100 | 45/19.03.19 |

മേൽ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ നിർവ്വഹണത്തിൽ ടെണ്ടർനടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. എൽ.ഇ.ഡി വിളക്കുകൾ ടെണ്ടർ കൂടാതെ കെ.എസ്.ഐ.ഇ, പാലക്കാടിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ പ്രകാരം (1(6)/27.12.18, 1(1)/5.10.18) കെ.എസ്.ഐ.ഇക്ക് റേറ്റ് കോൺട്രാക്ട് നിലവിലുള്ളതിനാൽ എൽ.ഇ.ഡി വിളക്കുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ടി സ്ഥാപനത്തിന് എൽ.ഇ.ഡി സപ്ലൈക്ക് റേറ്റ് കോൺട്രാക്ട് നിലവിലില്ല. ജി.ഒ(ആർ.ടി) 3299/2016/ത.സ്വ.ഭ.വ/2.12.2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണ്. അല്ലാത്തവ ഓപ്പൺ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്.

വാങ്ങൽ നടപടികൾ കൃത്യമായി പാലിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥരുൾപ്പെട്ട പ്രൊക്യൂർമെന്റ് ടീം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. ടി സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ വിളക്കുകൾക്ക് 3 വർഷത്തെ വാറന്റി ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സ്ഥാപനവുമായി ഏർപ്പെട്ട കരാറുകളിൽ (നം - 7/18-19/25.10.18, 21/18-19/) വാറന്റി

കാലയളവിൽ വിളക്കുകളുടെ തുടർസംരക്ഷണം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തു കാണുന്നില്ല. വാറന്റി കാലയളവിലെ സൗജന്യ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

3. ക്രമ നം-1 പ്രകാരമുള്ള പദ്ധതിയിൽ 109 വിളക്കുകൾ, ക്രമ നം-2 പ്രകാരമുള്ള പദ്ധതിയിൽ 54 വിളക്കുകൾ എന്നിങ്ങനെയാണ് സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിച്ച വിളക്കുകൾ മുഴുവൻ പ്രവർത്തന സജ്ജമാണെന്ന് കെ.എസ്.ഇ.ബി മുഖേന ഉറപ്പാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ ഓഡിറ്റ് അന്വേഷണം നമ്പർ 12/26.8.2019 മുഖേന പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.

# 1-14 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് - പഞ്ചായത്തിന്റെ അധിക ബാദ്ധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നിലവിൽ 15 കുടിവെള്ളപദ്ധതികൾ താഴെ പറയുന്ന വാർഡുകളിൽ നേരിട്ട് നടത്തിവരുന്നു. ഇതിൽ ആകെ 420 കണക്ഷനുകളും, (417 ഗാർഹിക കണക്ഷനുകൾ, 3 ഗാർഹികേതര കണക്ഷനുകൾ) 91 പൊതുടാപ്പുകളും ഉൾപ്പെടുന്നു.

| ക്രമ നം | കുടിവെള്ളപദ്ധതി | വാർഡ് |
|---|---|---|
| 1 | പഞ്ചായത്ത് കോംമ്പൗണ്ട് | 1 |
| 2 | പഞ്ചായത്ത് ഓഫീസിനു സമീപം | 1 |
| 3 | എരുത്തേമ്പതി ടൗൺ | 1 |
| 4 | കൈകാട്ടി | 1 |
| 5 | കോരയാർ പുഴപ്പാലം | 1 |
| 6 | രാജീവ് കോളനി | 2 |
| 7 | കൗണ്ടൻകളം | 2 |
| 8 | പൊതിക്കൽ | 2 |
| 9 | വില്ലൂന്നി | 3 |
| 10 | നേതാജി നഗർ | 3 |
| 11 | മാങ്ങാപള്ളം | 4 |
| 12 | ഗാന്ധിനഗർ | 6 |
| 13 | കരുമാണ്ടകൗണ്ടനൂർ | 6 |
| 14 | ചിന്നമൂലത്തറ | 11 |
| 15 | വഴുക്കപ്പാറ | 11 |

പദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ്- ചെലവുകൾ താഴെ ചേർക്കുന്നു.

ഈടാക്കുന്ന വെള്ളക്കരം

ഗാർഹിക കണക്ഷൻ – 100/-

ഗാർഹികേതര കണക്ഷൻ – 200/-

സാമ്പത്തിക വർഷത്തെ വെള്ളക്കര കളക്ഷൻ, കുടിശ്ശിക എന്നിവയുടെ വിവരം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| കുടിശ്ശിക | 620161 | 259945 | 360216 |
| തൻവർഷം | 885400 | 491940 | 393460 |
| | 1505561 | 751885 | 753676 |

കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ -(ഓഡിറ്റ് അന്വേഷണത്തിന് (നം - 3/21.08.19) പഞ്ചായത്ത് സമർപ്പിച്ച മറുപടി പ്രകാരം)

കുടിശ്ശിക ഒടുക്കാത്ത ഗുണഭോക്താക്കൾക്ക് കത്ത് മൂലം അറിയിപ്പ് നൽകുകയും, വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിനെ സമീപിക്കുന്നവർക്ക് എല്ലാവിധ കുടിശ്ശികയും അടവാക്കിയതിനു ശേഷം മാത്രമാണ് സേവനം നൽകുന്നത്. പൈപ്പ് ലൈനുകൾ അറ്റകുറ്റപണി നടത്തുന്ന സമയത്ത് കണക്ഷൻ വിച്ഛേദിക്കുകയും നാളിതുവരെയുള്ള വെള്ളക്കരം അടവാക്കിയ ശേഷം മാത്രമേ പുതിയ ലൈനിൽ കണക്ഷൻ നൽകുന്നത്.

പഞ്ചായത്ത് നേരിട്ട് നടത്തിയിരുന്ന ആർ.വി പുളർ കുടിവെള്ളപദ്ധതി നിലവിൽ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ടി കുടിവെള്ളപദ്ധതിയിലുൾപ്പെടുന്ന എല്ലാ ഗുണഭോക്താക്കളുടെയും 06/2019 വരെയുള്ള വെള്ളക്കരം ഈടാക്കിക്കൊണ്ട് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. പ്രസ്തുത കുടിവെള്ളപദ്ധതിയുടെ മാത്രം കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 496600 | 267800 | 199850 |

മേൽ പദ്ധതി പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

പദ്ധതികളുടെ സാമ്പത്തിക വർഷത്തെ നടത്തിപ്പ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക അറ്റകുറ്റപണി | 588590 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 150150 |
| വൈദ്യുതി ചാർജ്ജ് | 718095 |
| ആകെ | 1456835/- |

വരവിന്റെ ഇരട്ടിയിൽ കൂടുതൽ തുക പദ്ധതികളുടെ നടത്തിപ്പിനായി ചെലവിടുന്നുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ വളരെ പരിമിതമായതിനാൽ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് ബാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 3/21.08.19) പഞ്ചായത്ത് താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

പഞ്ചായത്ത് നേരിട്ട് നടത്തുന്ന എല്ലാ കുടിവെള്ളപദ്ധതികളും വാട്ടർ അതോറിറ്റിക്ക് മാറ്റി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന് വാട്ടർ അതോറിറ്റി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് കുറഞ്ഞ വിസ്തീർണ്ണമുള്ള പൈപ്പുകൾ മാറ്റി പുനസ്ഥാപിച്ചു വരുന്നുണ്ട്.

<u>വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ വിവരം</u>

വാട്ടർ അതോറിറ്റിയുടെ കീഴിൽ ആകെ 150 പൊതുടാപ്പുകളാണ് നിലവിലുള്ളത്. ആയതിന്റെ വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം 65625/-രൂപ അടവാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. ഈയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നില്ല.

<u>കേരളാ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള ബൾക്ക് മീറ്ററുകൾ വഴിയുള്ള ജല വിതരണം</u>

ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളിൽ ഉൾപ്പെട്ട എൻ.ജി.ഒ കോളനി, വണ്ണാമട (കാനറാ ബാങ്കിനു സമീപം), വണ്ണാമട (മിൽക്ക് സൊസൈറ്റിക്ക് സമീപം) എന്നീ പ്രദേശങ്ങളിൽ കേരളാ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള ബൾക്ക് മീറ്ററുകൾ വഴി ജല വിതരണം നടത്തി വരുന്നുണ്ട്. ആയതിന്റെ കുടിശ്ശികയിനത്തിൽ സാമ്പത്തിക വർഷം മെയ് ന്റനൻസ് റോഡിതര ഗ്രാന്റിൽ നിന്ന് 512342/-രൂപ

അടവാക്കിയിട്ടുണ്ട്. ഇനിയും 4,40,42931/-രൂപ വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നു. 30.11.2018 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 4(1), 5(1) എന്നിവ പ്രകാരം ബൾക്ക് മീറ്ററുകൾ വഴി ജല വിതരണം നടത്തി വരുന്ന പ്രദേശങ്ങളിലെ എല്ലാ ഗുണഭോക്താക്കളെയും 1.12.2018 മുതൽ വാട്ടർ അതോറിറ്റിയുടെ വ്യക്തിഗത ഗുണഭോക്താക്കളായി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 1.12.2018 വരെയുള്ള കുടിശ്ശിക ഗഡുക്കളായി അടക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

<u>കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

2. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന കുടിവെള്ളപദ്ധതികൾ പരമാവധി ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി മുഖേന ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കാവുന്നതാണ്.

3. പഞ്ചായത്തിന് വൻബാദ്ധ്യതയായ ബൾക്ക് മീറ്റർ സംവിധാനം വഴിയുള്ള ജലവിതരണം 30.11.2018 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 4(1), 5(1) എന്നിവ പ്രകാരം വാട്ടർ അതോറിറ്റിക്ക് തന്നെ കയ്യൊഴിക്കുവാൻ ശ്രമിക്കേണ്ടതാണ്.

4. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനോടൊപ്പം ജലസംരക്ഷണ പരിപാടികൾക്കും ഊന്നൽ നൽകേണ്ടതാണ്. ജലക്രാന്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ ജലസ്രോതസ്സുകളുടെയും വിവരങ്ങൾ തയ്യാറാക്കുകയും, 2020-21വർഷം വരെയുള്ള ജല സംരക്ഷണ പ്രവൃത്തികൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതി വഴി പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

5. ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.

6. കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.

7. മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.

8.സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

മേൽ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ (കുടിവെള്ളം, ശുചിത്വം) പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങൾ

# സ്റ്റോർസ് പർച്ചേസ് മാനവൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധം

പ്രൊജക്റ്റ് നം - 49/19 – ജനറൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 1200450

ചെലവ് - വികസന ഫണ്ട് - 1198860 ബിൽ നം - 36/11.01.19

മേൽ പദ്ധതി പ്രകാരം സാമ്പത്തിക വർഷം 348 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാനവൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. പദ്ധതിക്കായി 30.08.18 ന് ഇ-ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു. ആയത് സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 ലെ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളതല്ല.

കട്ടിലിന്റെ നീളം - 1.98 മീ, വീതി - 92 സെമീ

മുൻ കാൽ - 65 സെ.മീ

പിൻകാൽ - 55 സെ.മീ

ISI Quality 12mm plywood with throughout supporting angle

Total weight of cot – 30kg.

Steel pipe – 3x1.5 inch Rectangular tube outer frame

1.5x 1.5 inch square leg tube, 1 inch square tube under support cross- min. 4 numbers.

2. മേൽ സ്പെസിഫിക്കേഷനുകൾ പ്രകാരം യാതൊരു വ്യത്യാസവുമില്ലാതെ ടെണ്ടർ സമർപ്പിച്ച രാജധാനി സ്റ്റോർസ്, ചെർപ്പുളശ്ശേരി, ആർട്കോ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് രാജധാനി സ്റ്റോർസ് ആണെങ്കിലും 18/- രൂപ അധികമായി ക്വാട്ട് ചെയ്ത ആർട്കോ, കോഴിക്കോടിന്റെ ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം | നിരക്ക് |
|---|---|---|
| 1 | രാജധാനി സ്റ്റോർസ് ചെർപ്പുളശ്ശേരി | 3427 |
| 2 | ആർട്കോ, കോഴിക്കോട് | 3445 |

പർച്ചേസ് കമ്മിറ്റി തീരുമാനം (1/4.10.18) പ്രകാരം സാമ്പിൾ പരിശോധിച്ചതിൽ ഗുണനിലവാരം അടിസ്ഥാനമാക്കിയാണ് ആർട്കോ, കോഴിക്കോടിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത് എന്ന് കാണുന്നു. ആയത് പഞ്ചായത്ത് ഭരണസമിതി 5.10.18 ലെ തീരുമാനം നം - 11(3) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള പദ്ധതിക്ക് അനിവാര്യമായ സാമ്പിൾ പരിശോധന ടെണ്ടർ പരസ്യത്തിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല എന്നിരിക്കെ പിന്നീട് ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ഒഴിവാക്കിയ നടപടി ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. സാമ്പിൾ പരിശോധന അനിവാര്യമായ സംഗതികളിൽ പൊതു നിബന്ധനകൾക്കു പുറമെ ടെണ്ടർ പരസ്യത്തിൽ ആയത് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

3. ഗുണനിലവാരം നിർണ്ണയം സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി എടുത്ത തീരുമാനം ക്ഷമതയുള്ള സ്ഥാപനങ്ങളുടെ/വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. പർച്ചേസ് കമ്മിറ്റിയുടെ വിശദമായ റിപ്പോർട്ടും ലഭ്യമല്ല.

4. ആർട്കോയിൽ നിന്ന് ലഭ്യമാക്കിയ കട്ടിലിന്റെ സ്പെസിഫിക്കേഷൻ സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 പ്രകാരമുള്ളതാണെങ്കിലും പ്രസ്തുത സ്ഥാപനം സമർപ്പിച്ച ടെണ്ടർ നിർദ്ദിഷ്ട ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്ന് താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ക്വാട്ട് ചെയ്ത വിലയിൽ (3445/-രൂപ) വ്യത്യാസം വരുത്തിയിട്ടുമില്ല.

| ആർട്കോ സമർപ്പിച്ച ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം | ആർട്കോ ലഭ്യമാക്കിയത് |
|---|---|
| കട്ടിലിന്റെ നീളം - 1.98 മീ, വീതി - 92 സെമീ<br>മുൻ കാൽ - 65 സെ.മീ<br>പിൻകാൽ - 55 സെ.മീ<br>ISI Quality 12mm plywood with throughout supporting angle<br>Total weight of cot – 30kg. | കട്ടിലിന്റെ നീളം - 1.98 മീ, വീതി - 90 സെമീ<br>മുൻ കാൽ - 60 സെ.മീ<br>പിൻകാൽ - 50 സെ.മീ<br>ISI Quality 8mm plywood with throughout supporting angle<br>കട്ടിലിന്റെ തൂക്കം പരാമർശിച്ചിട്ടില്ല. |

സ്ഥാപനം സമർപ്പിച്ച ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യാസമുള്ള കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമാണ്.

5. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/26.08.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടിയ ടെണ്ടർ സ്വീകരിച്ചതിലൂടെയുള്ള നഷ്ടം താഴെ പറയും പ്രകാരം കണക്കാക്കുന്നു.

| ക്രമ നം. | സ്ഥാപനം | നിരക്ക് | അധികച്ചെലവ് |
|---|---|---|---|
| 1 | രാജധാനി സ്റ്റോർസ് ചെർപ്പുളശ്ശേരി | 3427 | 18 x 348 = 6264/- |
| 2 | ആർട്കോ, കോഴിക്കോട് | 3445 | |

നഷ്ടത്തുക 6264.00 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുണ്ട്.

പഞ്ചായത്ത് ആവശ്യപ്പെട്ട ടെണ്ടർ സ്പെസിഫിക്കേഷനുകളിൽ നിന്ന് വ്യത്യസ്തമായി സാമഗ്രികൾ പർച്ചേസ് ചെയ്തത് ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായതിനാലും, ഗുണനിലവാര നിർണ്ണയത്തിന്റെ ആധികാരിക

റിപ്പോർട്ട്, ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലും 1198860 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-16 എസ്.ടി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഊരുകൂട്ടങ്ങൾ മുഖേന നിർവ്വഹിക്കുകയോ, ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

പ്രൊജക്ട് നം - 64/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 40000

ചെലവ് - 40000 (ബിൽ നം - 33/11.01.19)

മേൽ പദ്ധതിക്കായി ലഭ്യമായ 29 അപേക്ഷകളിൽ താഴെ പറയുന്ന 10 ഗുണഭോക്താക്കൾക്കാണ് വാട്ടർ ടാങ്കുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഊരുകൂട്ടങ്ങൾ മുഖേന നിർവ്വഹിക്കുകയോ, മുൻഗണനാ ക്രമത്തിലുള്ള ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഭാഗ്യം, w/o മാരിയപ്പൻ

കരടിപ്പാറ, വണ്ണാമട

2. ആറുച്ചാമി, s/o കിട്ടാൻ

സഞ്ജയ് നഗർ, വണ്ണാമട

3. കൃഷ്ണസ്വാമി, s/o ചിന്നപ്പൻ

കരടിപ്പാറ, വണ്ണാമട

4. രമേഷ്, s/o ആറുമുഖൻ

സ്രാമ്പി, വണ്ണാമട

5. മീന, w/o ശിവകുമാർ

സ്രാമ്പി, വണ്ണാമട

6. രേവതി, w/o അർജ്ജുനൻ

സ്രാമ്പി, വണ്ണാമട

7. ശെൽവി, w/o മരുതരാജ്

വിനായകർ കോളനി, വണ്ണാമട

8. ഈശ്വരി, w/o സുബ്രഹ്മണ്യൻ

സഞ്ജയ് നഗർ, വണ്ണാമട

9. വല്ലി, w/o തോമസ്

ചുള്ളിപ്പാറ കോളനി, ഗോപാലപുരം, വണ്ണാമട

10. മൈലാൾ, w/o ചിന്നക്കാളി

സഞ്ജയ് നഗർ, വണ്ണാമട

മേൽ പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഊരുകൂട്ട യോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കി തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ 40000/- രൂപയുടെ പദ്ധതിച്ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/26.8.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആകെ ചെലവായ 40000/-രൂപയുടെ 10% തുക സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 ലെ നിർദ്ദേശമനുസരിച്ച് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപനത്തിന് നൽകാതെ തനത് ഫണ്ടിൽ നിക്ഷേപിച്ച് മുഴുവൻ ചെലവും പിൻവലിച്ചിരിക്കുന്നത് പദ്ധതി വിഹിതത്തിൽ നിന്നുമാണ് . ആയതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 10000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

# 1-17 ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ - ഒറ്റ ടെണ്ടർ പരസ്യം നൽകേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി താഴെ പറയും പ്രകാരം വാങ്ങൽ പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 76/19 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 78500 | 78500 |
| 13/19 | അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 200000 | 196400 |

മേൽ പദ്ധതികൾക്കായി വെവ്വേറെ ടെണ്ടറുകളാണ് ക്ഷണിച്ചിട്ടുള്ളത്. വിവിധ സ്ഥാപനങ്ങളുടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകളാണ് സ്വീകരിച്ചതെങ്കിലും ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾക്ക് ഒറ്റ ടെണ്ടർ ക്ഷണിക്കുന്നതാണ് അഭികാമ്യം. വെവ്വേറെ ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ ഒരു സ്ഥാപനം തന്നെ ഒരേ സ്പെസിഫിക്കേഷനുകളോടുകൂടിയ സാമഗ്രികൾക്ക് വിവിധ നിരക്കുകൾ ക്വാട്ട് ചെയ്യാൻ സാദ്ധ്യതയുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം

## എന്നിവ ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ 11/26.8.2019) വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | പ്രൊജക്ട് | ബിൽ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|---|
| 1 | 81/18 | 1776606 | വിവിധ വാർഡുകളിൽ വൈദ്യതി ലൈൻ നീട്ടൽ | 11/11.06.18 | 1017814 | കെ.എസ്.ഇ.ബി, വേലന്താവളം |
| 2 | 55/18 | 502495 | വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ വൈദ്യതി ലൈൻ നീട്ടൽ | 12/11.06.18 | 106302 | ടി |
| 3 | 57/18 | 135000 | എസ്.ടി കോളനികളിൽ വൈദ്യതി ലൈൻ നീട്ടൽ | 14/7.07.18 | 35475 | കെ.എസ്.ഇ.ബി, നാട്ടുകൽ |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിൽ കെ.എസ്.ഇ.ബി യുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു കാണുന്നില്ല. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനും, ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്.

പ്രവർത്തികളുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ആശ്രയ പദ്ധതി നടത്തിപ്പ് - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് കാര്യക്ഷമമാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതിക്ക് 4 ലക്ഷം രൂപ വകയിരുത്തി ട്രഷറി ബിൽ നം. 18/31.07.18 പ്രകാരം പിൻവലിച്ച് കുടുംബശ്രീ ചെയർപേഴ്സന്റെ പേരിലുള്ള അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ( A/c. No. 1792101015438) നൽകിയിട്ടുണ്ട്. തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ 1184409/-രൂപ നീക്കിയിരുപ്പുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി പ്രകാരം സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതിയായ അഗതി രഹിത കേരളത്തിന്റെ സർവ്വെ പൂർത്തീകരിച്ചതിൽ 203 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായുണ്ട്.

മേൽ തുക ഭക്ഷണ വിതരണ പദ്ധതി നടത്തിപ്പിന് മാത്രമാണ് നിലവിൽ വിനിയോഗിക്കുന്നത്. അഗതി രഹിത കേരളത്തിലെ 19 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അഗതി കുടുംബങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം,പാർപ്പിടം,കുടിവെള്ളം,വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കേണ്ടതാണ്. ആശ്രയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു ആശ്രയാ മോണിട്ടറിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി കൃത്യമായ സർവ്വെ നടത്തി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്.

പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിങ്ങ് തുടങ്ങിയവയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

# 1-20 ഔഷധിയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ആയുർവേദ ഡിസ്പൻസിറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ (പ്രൊജക്ട് നം. 16/19) ഭാഗമായി 26.11.2018 ലെ ബിൽ നം.01/2018-19 പ്രകാരം 3 ലക്ഷം രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും പിൻവലിച്ച് ഔഷധിയുടെ അക്കൗണ്ടിലേക്ക് (നം. 5913005900000015, PNB) 2,94,000/- രൂപയും ജി.എസ്.ടി. ഇനത്തിൽ 6,000/- രൂപയും ഇ-പെമെന്റായി നൽക്കിയിട്ടുണ്ട്. എന്നാൽ ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ 2,85,850/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക<br>(ജി.എസ്.ടി. ഉൾപ്പെടെ) |
|---|---|---|---|
| 1 | 90094295 | 18.12.2018 | 63203 |
| 2 | 90096829 | 31.12.2018 | 35662 |
| 3 | 90100612 | 31.01.2019 | 67876 |
| 4 | 90105121 | 28.02.2019 | 38522 |
| 5 | 90110889 | 30.03.2019 | 52493 |
| 6 | 90119005 | 28.06.2019 | 28094 |
| | | | |

| ആകെ തുക | 285850 |
|---|---|

ബാക്കിയുള്ള തുകയായ 8,150/- (294000-285850) രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും നാളിതുവരെയും ലഭിച്ചിട്ടില്ല. മരുന്നുകൾ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനായി തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതായിരുന്നുവെങ്കിലും അത്തരത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ആയതിനാൽ 8,150/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-21 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പി.എം.എ.വൈ. വിഹിതം (ടി.എസ്.പി.) പദ്ധതിയുടെ (പ്രൊജക്റ്റ് നം. 48/19) ഭാഗമായി 31.08.2018 ലെ ബിൽ നം.29/2018-19 പ്രകാരം 260000/- രൂപ വികസന ഫണ്ട് (ടി.എസ്.പി.) ൽ നിന്നും പിൻവലിച്ച് പി.എം.എ.വൈ. വിഹിതമായി ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന് (ഇന്ത്യൻ ബാങ്ക്, അക്കൗണ്ട് നം.762832919)കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

വി.ഇ.ഓ. യുടെ പേരിലുള്ള ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | ബാങ്കിന്റെ പേര് | നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 01002020000029 | The Palakkad Dist. Co.operative Bank, Kozhinjampara | 224676 (26.03.2013 ന്) | എം.എൻ. ലക്ഷം വീട് പദ്ധതിയുടെ ആവശ്യത്തിനായി തുടങ്ങിയത് |
| 2 | 1792101007780 | Canara Bank, Eruthenpathy | 24079 (26.08.2019 ന്) | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി |
| 3 | 1792101005991 | Canara Bank, Eruthenpathy | 1133 (26.08.2019 ന്) | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി |

നിലവിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വി.ഇ.ഓ. യുടെ പേരിലുള്ള സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടാണ് ഉപയോഗിക്കുന്നത് (അക്കൗണ്ട് നം. 799011400004942, സബ് ട്രഷറി ചിറ്റൂർ). ആയതിനാൽ വി.ഇ.ഓ. യുടെ പേരിലുള്ള മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

1. പ്രൊജക്ട് നം.117/19, പാലിയേറ്റീവ്കെയർ, വികസന ഫണ്ട് (പൊതു വിഭാഗം) + മറ്റ് ബ്ലോക്ക് പഞ്ചായത്ത്, അടങ്കൽ 550743 (250743 + 300000)

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 77023/- (Performa Inv. No. PRF4428/11.2.2019) രൂപ കെ.എം.എസ്.സി.എലിന് നൽകിയിട്ടുണ്ട് (ബിൽ നം. 7/2018-19/ 14.02.2019, തുക 120106/- രൂപ). എന്നാൽ കെ.എം.എസ്.സി.എലിൽ നിന്നും ലഭിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ 71765/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക (ജി.എസ്.ടി. + ഹാൻഡിലിംഗ് ചാർജ്ജ് ഉൾപ്പെടെ) |
|---|---|---|---|
| 1 | 17574 | 21.03.2019 | 38214 |
| 2 | 554 | 09.04.2019 | 14785 |
| 3 | 2451 | 22.05.2019 | 14628 |
| 4 | 603 | 19.06.2019 | 4138 |
| ആകെ തുക | | | 71765 |

ബാക്കിയുള്ള തുകയായ 5258/- (77023-71765) രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എലിൽ നിന്നും ലഭിച്ചിട്ടില്ല.

2. പ്രൊജക്ട് നം.09/19, വണ്ണാമട പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ് ഫണ്ട് (റോഡിതരം), അടങ്കൽ 100000/- രൂപ.

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 41388/- (Performa Inv. No. PRF4177/28.1.2019) രൂപ കെ.എം.എസ്.സി.എലിന് നൽകിയിട്ടുണ്ട് (ബിൽ നം. 8/2018-19/ 14.02.2019, തുക 41918/- രൂപ). എന്നാൽ കെ.എം.എസ്.സി.എലിൽ നിന്നും ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല.

ആയതിനാൽ 46646/- (5258+41388) രൂപയുടെ മരുന്നുകൾ കെ.എം.എസ്.സി.എലിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-24 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതിയിലെ ഗുണഭോക്താകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

1. പ്രൊജക്ട് നം.102, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതി വനിത (സ്പിൽ ഓവർ - ടി.എസ്.പി.), വികസന ഫണ്ട് (ടി.എസ്.പി.), അടങ്കൽ 300000/- രൂപ

മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സ്ഥലം ലഭിച്ചിട്ടുള്ള ഗുണഭോക്താകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം., തീയതി | തുക | ഗുണഭോക്താവിന്റെ പേര്, വിലാസം |
|---|---|---|---|
| 1 | 03/2018-19, 19.05.2018 | 149718 | Janaki, w/o Paraman, Moongilmadai, Vannamada (PO) |

| | | | |
|---|---|---|---|
| 2 | 43/2018-19, 28.01.2019 | 150000 | Maheshwary, w/o Vellingiri, viloonni |

2. പ്രൊജക്റ്റ് നം.113, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ പദ്ധതി വനിത (സ്പിൽ ഓവർ - എസ്.സി.), വികസന ഫണ്ട് (എസ്.സി.പി.), അടങ്കൽ 600000/- രൂപ

മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സ്ഥലം ലഭിച്ചിട്ടുള്ള ഗുണഭോക്താകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം., തീയതി | തുക | ഗുണഭോക്താവിന്റെ പേര്, വിലാസം |
|---|---|---|---|
| 1 | 16/2018-19, 28.06.2018 | 150000 | Kaliyammal, w/o Pazhani, Old Colony, RVP Pudur |
| 2 | 17/2018-19, 29.06.2018 | 150000 | Sumathy, d/o Makali, viloonni |
| 3 | 26/2018-19, 10.08.2018 | 300000 | 1. Amsaveni, w/o Mylan, Malandigoundanoor<br>2. Devi.N, w/o Ayyavu, Gandhinagar Colony, Vannamada |

എന്നാൽ മേൽ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് സ്ഥലം ലഭിച്ചിട്ടുള്ള ഗുണഭോക്താകളെ പദ്ധതിയുടെ ലക്ഷ്യ പൂർത്തീകരണത്തിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകിയതായി കാണുന്നില്ല. ആയതിനാൽ ടി ഗുണഭോക്താകളെ അർഹതയ്ക്ക് വിധേയമായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകകളിൽ ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം ധാരാളം തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിൽക്കുന്നുണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് വിവരങ്ങൾ | തുക | ലഭിച്ച സ്ഥാപനം |
|---|---|---|
| പാൽ സബ്സിഡി | 46772 | ബ്ലോക്ക് പഞ്ചായത്ത് |
| പെയിൻ & പാലിയേറ്റീവ് പദ്ധതി | 5709 | ബ്ലോക്ക് പഞ്ചായത്ത് |
| ആശ്രയ | 458507 | കുടുംബശ്രീ മിഷൻ |

കൂടാതെ 2018-19 വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂളിലുള്ള ഗുണഭോക്തൃ വിഹിതം ഇനത്തിൽ കുടുംബശ്രീയിൽ നിന്നും ഇൻഷുറൻസിനു വേണ്ടി പിരിച്ചെടുത്ത ₹.93564/- തിരികെ നൽകാതെ

അവശേഷിക്കുന്നു. പദ്ധതി നടപ്പിലാക്കാത്തതിനാൽ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/29.8.2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 സഞ്ജയ് നഗർ കുടിവെള്ള പദ്ധതി - ഗുണഭോക്തൃ സമിതിക്ക് കൈമാറേണ്ടതാണ്

അടങ്കൽ-273963.00(സി.എഫ്.സി)
ചെലവ്-226669.00
ട്രഷറിബിൽ നമ്പർ-7/26.6.2018

സ.ഉ.(സാ) നമ്പർ 1275/2009 തസ്വഭവ 30.5.2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു.

2018-19 വർഷം നിർവഹണം നടത്തിയ സഞ്ജയ് നഗർ കുടിവെള്ള പദ്ധതി (പ്രൊജക്ട് നം. 46/18) 24.3.2018ന് പ്രവൃത്തി പൂർത്തിയായിട്ടുള്ളതാണ്. പദ്ധതി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർഫോം ഇനത്തിൽ ലഭിക്കേണ്ട തുകകൾ ലഭ്യമായിട്ടില്ല

ടെണ്ടർ ഫോം വില ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (SBI, കൊഴിഞ്ഞാമ്പാറ, അക്കൗണ്ട് നം.37175116138) നാളിതു വരെ തുകയൊന്നും ലഭിച്ചിട്ടില്ല. 2017-18 വർഷം വരെ ₹.77895/- ഉം 2018-19 വർഷത്തിൽ ₹.59248/- ഉം ഉൾപ്പെടെ ആകെ ₹.137143/- ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുവാനുണ്ട്. തുകകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്ന തുകകൾ ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-28 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 55 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 34 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 29621189 രൂപയിൽ 17228265 രൂപ ചെലവഴിച്ചിട്ടുണ്ട്. 58.16% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

<u>ബി. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്</u>

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.

- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(കൈ)നം. 11/2018/ തസ്വഭവ തിയതി,29.1.2018ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ പദ്ധതികൾ നടപ്പിലാക്കിയതിൽ 2 പ്രൊജക്ടുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം-2

**ഒന്നുമില്ല**

## ഭാഗം-3

**ഒന്നുമില്ല**

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.6.19 -27.6.19 | നം.കെ.എസ്.എ-പികെഡി-21/997/2019(14),26-8- |

| | | | |
|---|---|---|---|
| | | 2019 | |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1960000 | ലൈഫ് മിഷൻ (ജനറൽ) | 1960000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 940000 | ലൈഫ്മിഷൻ(എസ്.സി) | 880000 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 303544 | പെയിൻ & പാലിയേറ്റീവ് | 297835 | 5709 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 357143 | പാലുൽപ്പാദനത്തിന് ഇൻസെന്റീവ് | 310371 | 46772 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2338144 | ലൈഫ് മിഷൻ (ജനറൽ) | 2280000 | 58144 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2039501 | ലൈഫ്മിഷൻ(എസ്.സി) | 1520000 | 519501 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | പാലുൽപ്പാദനത്തിന് ഇൻസെന്റീവ് | 500000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 15475 | ഉഴവുകൂലി | 15475 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 900000 | അംഗൻവാടി നിർമ്മാണം | 900000 | - |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, വേലന്താവളം | 55/18,വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ വൈദ്യതി ലൈൻ നീട്ടൽ | 12/11.06.18 | 106302 | 0 | 106302 |
| കെ.എസ്.ഇ.ബി, നാട്ടുകൽ | 57/18,എസ്.ടി കോളനികളിൽ വൈദ്യതി ലൈൻ നീട്ടൽ | 14/7.07.18 | 35475 | 0 | 35475 |
| കെ.എസ്.ഇ.ബി, | 81/18,വിവിധ | 11/11.06.18 | 1017814 | 0 | 1017814 |

| | | | | | |
|---|---|---|---|---|---|
| വേലന്താവളം | വാർഡുകളിൽ വൈദ്യതി ലൈൻ നീട്ടൽ | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹.2360311/- വരവുണ്ട്. ₹.2360311/-യിൽ ₹.2360311/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | KURDFC/A2/289/2018/18.9.2018 | 2360311 | 2360311 | --- | --- | 2360311 |

•

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.8309/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-6 | 8309 | വിജയകുമാർ, കരാറുകാരൻ | 118050101056/5.7.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല.

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.79889590.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.75631779.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 1238860.00 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1198860 | കെ.കെ.ജയകുമാർ, സെക്രട്ടറി |
| 1-16 | 40000 | കെ.കെ.ജയകുമാർ, സെക്രട്ടറി |
| ആകെ | 1238860 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ.ജയകുമാർ, | സെക്രട്ടറി, | കെ.കെ.ജയകുമാർ |

| | | |
|---|---|---|
| സെക്രട്ടറി | വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | കുട്ടിയാട്ടിൽ ഹൗസ്,<br>പാറളം (പി.ഒ)<br>വിങ്ങിനിശ്ശേരി,<br>തൃശ്ശൂർ- 680523 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 1997-98 | KSA-PKD11/1172/18 dt. 09.10.2018 | 0 |
| 1998-99 | KSA-PKD11/1172/18 dt. 09.10.2018 | 4 |
| 1999-00 | KSA-PKD11/1172/18 dt. 09.10.2018 | 6 |
| 2000-01 | KSA-PKD11/1172/18 dt. 09.10.2018 | 7 |
| 2001-02 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 2002-03 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 2003-04 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 2004-05 | KSA-PKD11/1172/18 dt. 09.10.2018 | 5 |
| 2005-06 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 2006-07 | KSA-PKD11/1172/18 dt. 09.10.2018 | 3 |
| 2007-08 | LFP11/2078/13/4.12.13 | 12 |
| 2008-09 | LFP11/709/13/18.06.13 | 2 |
| 2009-10 | LFP11/262/14/11.03.14 | 5 |
| 2010-11 | LFP11/2089/12/23.11.12 | 5 |
| 2011-12 | LFP11/712/14/06.06.14 | 8 |
| 2012-13 | LF.P11-334/15/ 26.3.15 | 12 |
| 2013-14<br>2014-15 | KSA-PKD 11/1104/2016/ 03.08.2016 | 20 |
| 2015-16 | KSA-PKD11/2135/2016/ 21.01.2017 | 8 |
| 2016-17 | KSA-PKD11/1766/17/10.10.2017 | 17 |
| 2017-18 | KSA-PKD11/2252/2018/17.12.2018 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

# അനുബന്ധം -1 ഓഡിറ്റ്സാക്ഷ്യപത്രം

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ** 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. ക്യാഷ്ബുക്ക് , ബാങ്ക് ബുക്കുകൾ , ട്രഷറി /ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. പഞ്ചായത്ത് നല്കിയിട്ടുള്ള മൂന്നു വർഷത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക വരവായി മാറ്റിയിട്ടില്ല.
3. 31-03-2019 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയതിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2 പത്രികകൾ

| Eruthempathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 6720394.00 |
| Cash | Cash | RP-40(a) | 86596.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 822340.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 12455.00 |
| 140000000 | Fees & User Charges | RP-4 | 719861.00 |
| 150000000 | Sale & Hire Charges | RP-5 | 145785.00 |
| 151000000 | Receipts from Transferred Institutions | RP-6 | 6460.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54206092.00 |
| 171000000 | Interest Earned | RP-9 | 253939.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14870110.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 214127.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 95821.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 95771.00 |
| 330000000 | Secured Loans | RP-32 | 2360311.00 |
| 340000000 | Deposits Received | RP-34 | 116677.00 |
| 350000000 | Other Liabilities | RP-36 | 111886.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5708280.00 |
| 460000000 | Loans, Advances and Deposits | RP-47 | 149675.00 |
| | **Grand total** | | **86696580.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2623070.00 |
| 220000000 | Administrative Expenses | RP-12 | 688527.00 |
| 230000000 | Operations & Maintenance | RP-13 | 2274091.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7184802.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 30648910.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1151281.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1401747.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1299749.00 |
| 255000000 | Maintenance Projects | RP-20 | 6377451.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 819100.00 |
| 280000000 | Prior Period item | RP-26 | 195024.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 293834.00 |
| 350000000 | Other Liabilities | RP-36 | 4219776.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 65861.00 |
| 280000000 | Prior Period Item | RP-26 | -15760.00 |
| 340000000 | Deposits Received | RP-34 | 243091.00 |
| 350000000 | Other Liabilities | RP-36 | 1336886.00 |
| 410000000 | Fixed Assets | RP-38 | 11890477.00 |
| 412000000 | Capital work in Progress | RP-40 | 2537366.00 |
| 460000000 | Loans, Advances and Deposits | RP-47 | 396496.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 11040651.00 |
| Cash | Cash | RP-40(b) | 24150.00 |
| | **Grand Total** | | **86696580.00** |

**Eruthempathy Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2508821.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 12455.00 |
| 140000000 | Fee & User Charges | I-4(b) | 1713899.00 |
| 150000000 | Sale & Hire Charges | I-5(b) | 150825.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 6460.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 132408417.00 |
| 171000000 | Interest Earned | I-8 | 253939.00 |
| 180000000 | Other Income | I-9 | 95771.00 |
| | **Total Income** | | **137150587.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8510328.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 688527.00 |
| 230000000 | Operations & Maintenance | I-12(b) | 2274091.00 |
| 240000000 | Interest & Finance Charges | I-13 | 65861.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7184802.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57251031.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1151281.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1401747.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 41609649.00 |
| 255000000 | Maintenance Projects | I-14(e) | 6377451.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 819100.00 |
| 272000000 | Depreciation | I-17(a) | 9939529.00 |
| | **Total Expenditure** | | **137273397.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-122810.00** |
| 280000000 | Prior Period Item | I-18 | 44553047.10 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-44675857.10** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Eruthempathy Grama Panchayat BALANCE SHEET**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -42909520.90 |
| 312000000 | Reserves | B-3 | 61507619.00 |
| | **Total Reserve & Surplus** | | **18598098.10** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8540189.00 |
| | **Total Grants, Contributions for Specific Purposes** | | **8540189.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 2360311.00 |
| | **Total Loans** | | **2360311.00** |
| | **Current Liabilities & Provisions** | | |
| | [illegible] | [illegible] | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 933462.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 45499308.90 |
| | **Total Current Liabilities and Provisions** | | **46432770.90** |
| | TOTAL LIABILITIES | | **75931369.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 73078248.00 |
| 411000000 | Accumulated Depreciation | B-11 | -9939529.00 |
| 412000000 | Capital Work in Progress | B-11(a) | 600000.00 |
| | **Total Fixed Assets** | | **63738719.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 928653.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 11064801.00 |
| 460000000 | Loans, Advances and Deposits | B-18 | 199196.00 |
| | **Total Current Assets, Loans and Advances** | | **12192650.00** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്